(ബി) എട്ടാം ക്ലാസ് ഹൈസ്കൂൾ വിഭാഗത്തിൽ നിന്നും യു.പി. വിഭാഗത്തിലേക്ക് മാറ്റുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഇപ്പോൾ ഹൈസ്കൂൾ മാത്രമായി പ്രവർത്തിക്കുന്ന സ്കൂളുകളിൽ നിന്നും എട്ടാം ക്ലാസ് വേർതിരിക്കുമ്പോൾ ഉണ്ടാകാവുന്ന അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അവ പരിഹരിക്കുന്നതിനുള്ള സർക്കാർ തീരുമാനങ്ങൾ വിശദമാക്കുമോ ;

(ഇ) കേന്ദ്ര വിദ്യാഭ്യാസ നിയമപ്രകാരം ഹൈസ്കൂൾ, അപ്പർ പ്രൈമറി, പ്രൈമറി എന്നീ വിഭാഗങ്ങളിലോരോന്നിലെയും അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം വ്യക്തമാക്കുമോ ;

(എഫ്) അത് സംസ്ഥാനത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 1429 സ്കൂളുകൾ.

(ബി-ഡി) കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമം അനുസരിച്ച് എട്ടാം ക്ലാസ് എലിമെന്ററി വിഭാഗത്തിൽപ്പെടുന്നു. പ്രസ്തുത നിയമം സംസ്ഥാനത്ത് എങ്ങനെ നടപ്പിലാക്കണമെന്നത് സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചു വരികയാണ്. കേന്ദ്ര നിയമം അതേപടി കേരളത്തിൽ നടപ്പിലാക്കിയാലുണ്ടാകുന്ന ദോഷവശങ്ങൾ കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്ര സർക്കാരിന്റെ തീരുമാനം അറിവായിട്ടില്ല.

(ഇ) പ്രസ്തുത നിയമപ്രകാരം 8-ാം ക്ലാസ്സുവരെയുള്ള യു.പി. ക്ലാസ്സിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:35-ഉം, 5-ാം ക്ലാസ്സുവരെയുള്ള പ്രൈമറി ക്ലാസിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം 1:30-ഉം ആണ്.

(എഫ്) ഇതു സംബന്ധിച്ച് ലഭിച്ച റിപ്പോർട്ട് പരിശോധിച്ചു വരികയാണ്.

സ്കൂളുകളിലെ അടുക്കള നിർമ്മാണം

28 (3774) ശ്രീ. എ. എം. യൂസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്കൂളുകളിൽ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനാവശ്യമായ അടുക്കള നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്ന ഏതെങ്കിലും പദ്ധതികളുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) പല സ്കൂളുകളിലും ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള പാചകശാല ഇല്ല എന്നുള്ളത് കണക്കിലെടുത്ത് അവ പണിയുന്നതിന് പുതിയ പദ്ധതികൾ ആരംഭിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്കൂളുകളിൽ അടുക്കള നിർമ്മാണത്തിന് ധനസഹായം നൽകുന്ന കേന്ദ്ര പദ്ധതി നിലവിലുണ്ട്.

(ബി) കുട്ടികളുടെ എണ്ണത്തിനാനുപാതികമായ തുകയാണ് കേന്ദ്ര പദ്ധതിയനുസരിച്ച് ഈ വർഷം മുതൽ അടുക്കള നിർമ്മാണത്തിനുള്ളത്. പദ്ധതി പ്രകാരം ഒരു സ്കൂളിന് അടുക്കള നിർമ്മാണത്തിനായി ലഭിക്കുന്ന ഏറ്റവും കുറഞ്ഞതുക 1.6 ലക്ഷം രൂപയും കൂടിയതുക 2.56 ലക്ഷം രൂപയുമാണ്. ഫണ്ടിന്റെ 25% തുക സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ട്.

(സി) സ്കൂളുകളിലെ ഉച്ചഭക്ഷണ പദ്ധതിക്കായി കേന്ദ്രീകൃത അടുക്കളകൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു.

ഹൈസ്കൂൾ, യു.പി., എൽ.പി. എന്നിവിടങ്ങളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം

29 (3775) ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈസ്കൂൾ, യു.പി., എൽ.പി. എന്നിവിടങ്ങളിലെ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത അനുപാതം പ്രാബല്യത്തിൽ വന്നത് എന്നുമുതലാണ് ;

(സി) അദ്ധ്യാപക-വിദ്യാർത്ഥി അനുപാതത്തിനുള്ള മാനദണ്ഡം എന്താണ് ; നിലവിലുള്ള അനുപാതത്തിൽ കാലോചിതമായ മാറ്റം വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എങ്കിൽ എന്തു മാറ്റമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1:45

(ബി) 1964-65 അക്കാഡമിക് വർഷം മുതൽ (4-8-1964-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ മുഖേന)

(സി&ഡി) കെ.ഇ.ആർ. അദ്ധ്യായം VI റൂൾ 23 പ്രകാരമാണ് അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം നിശ്ചയിക്കുന്നത്. കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിൽ അദ്ധ്യാപക-വിദ്യാർത്ഥി അനുപാതം വ്യത്യസ്തമാണ്. അത് കേരളത്തിൽ നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ പരിശോധിച്ചു വരികയാണ്.

എസ്.എസ്.എൽ.സി. ബുക്ക് തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കൽ

30 (3776) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. ബുക്കിലെ ജനനത്തീയതി, കുട്ടികളുടെ പേര്, മതം എന്നിവ തിരുത്തി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly